ഹമീദ് വാണിമേൽ

# വഴിതെറ്റിയത് ഇടതുപക്ഷത്തിന്

**ഇരുമുന്നണികളും** മാറിമാറി ഭരണം നടത്തുന്ന കേരളത്തിൽ ഒരു മുന്നണിക്കും സംസ്ഥാനത്തിന്റെ ദീർഘകാല വളർച്ചയെക്കുറിച്ചോ സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചോ കൃത്യമായ അജണ്ടയില്ലെന്ന് എല്ലാവർക്കും ബോധ്യപ്പെട്ട സത്യമാണ്. ഭരണം ലഭിക്കുമ്പോൾ ഓരോ മുന്നണിയും തോന്നിയപോലെ കൈകാര്യം ചെയ്യുന്നു. മനംമടുത്ത ജനം മറ്റൊരവസരം പ്രതിപക്ഷത്തിന് നൽകാൻ നിർബന്ധിതരാവുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കേരളീയ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടുകൾ വിമർശനവിധേയമാവുക സ്വാഭാവികമാണ്.

തെരഞ്ഞെടുപ്പടക്കം രാജ്യത്തെ മുഖ്യവിഷയങ്ങളിൽ ഒരു ആദർശ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിക്ക് സ്വന്തമായ വീക്ഷണങ്ങളും നിലപാടുകളുമുണ്ട്. സ്ഥാനാർഥികളുമായി വിലപേശി, അവർ തങ്ങളുടെ സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയവരെ പിന്തുണക്കുന്ന കച്ചവട രാഷ്ട്രീയമല്ല ജമാഅത്തെ ഇസ്‌ലാമിയുടേത്. നിശ്ചിത പോളിസിയുടെ അടിസ്ഥാനത്തിൽ അന്തർദേശീയ, ദേശീയ, പ്രാദേശിക സാഹചര്യങ്ങളെ വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിലപാട് സ്വീകരിക്കുകയുമാണ് ജമാഅത്ത് ചെയ്യുന്നത്. ചില ഘട്ടങ്ങളിൽ ദേശീയ സാഹചര്യങ്ങൾ തെരഞ്ഞെടുപ്പ് തീരുമാനങ്ങളെടുക്കാനുള്ള മുഖ്യ ഘടകമാകുമ്പോൾ മാറുന്ന ലോക സാഹചര്യത്തിൽ അന്തർദേശീയ നിലപാടുകൾക്കും മുന്തിയ പരിഗണന നൽകേണ്ടിവരും. സാർവദേശീയ പ്രശ്നങ്ങൾക്കോ ഇന്ത്യൻ സാഹചര്യങ്ങൾക്കോ കേരളത്തിലെ നിയമസഭാതെരഞ്ഞെടുപ്പുമായി ഒരു ബന്ധവുമില്ലെന്ന വാദം മുഖവിലക്കെടുക്കാനാവില്ല. തങ്ങളെടുക്കുന്ന തെരഞ്ഞെടുപ്പ് തീരുമാനങ്ങൾക്ക് ന്യായങ്ങൾ ചമക്കാൻ അന്തർദേശീയ-ദേശീയ സാഹചര്യങ്ങളെ കൂട്ടുപിടിക്കുന്ന രീതിയും ജമാഅത്ത് സ്വീകരിക്കാറില്ല.

1977-ൽ നടന്ന തെരഞ്ഞെടുപ്പിലാണ് ജമാഅത്തെ ഇസ്‌ലാമി ആദ്യമായി വോട്ട് രേഖപ്പെടുത്തിയത്. ഇന്ത്യയിൽ ജനതാ പാർട്ടി സഖ്യത്തിനും അതിന്റെ ഭാഗമായി കേരളത്തിൽ സി.പി.എം നേതൃത്വം നൽകുന്ന ഇടതുപക്ഷത്തിനുമാണ് ജമാഅത്തെ ഇസ്‌ലാമി വോട്ട് ചെയ്തത്. അടിയന്തരാവസ്ഥക്കും ഏകാധിപത്യ പ്രവണതകൾക്കുമെതിരായ സമരം എന്ന നിലക്കാണ് അന്ന് ജമാഅത്ത് തെരഞ്ഞെടുപ്പിനെ കണ്ടത്. ഏകാധിപത്യത്തിലേക്ക് വാതിൽ തുറക്കുന്ന ഭരണഘടനയുടെ 42-ാം ഭേദഗതി എടുത്തു കളയുമെന്ന് അന്ന് ജമാഅത്ത് പിന്തുണച്ച ജനതാ സഖ്യത്തിന്റെ മുഖ്യതെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. അന്നത്തെ തെരഞ്ഞെടുപ്പുഫലം കേരള മൊഴിച്ച് ഇന്ത്യയിലൊന്നടങ്കം കോൺഗ്രസ്സിന്റെ ഏകാധിപത്യസമീപനങ്ങളോടുള്ള കടുത്ത ജനരോഷം പ്രതിഫലിപ്പിക്കുന്നതായിരുന്നു.

'80-കൾക്ക് ശേഷം സംഘ്പരിവാറിന്റെ നേതൃത്വത്തിലുള്ള ഫാഷിസ്റ്റ് രാഷ്ട്രീയം ശക്തിപ്രാപിച്ച ഘട്ടത്തിൽ അത്തരം സംഘടനകളെയും സ്ഥാനാർഥികളെയും പരാജയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ജമാഅത്ത് തെരഞ്ഞെടുപ്പിനെ സമീപിച്ചു. ഫാഷിസ്റ്റ് ശക്തികൾക്കെതിരെ മതേതരകൂട്ടായ്മയെന്ന രാഷ്ട്രീയ നിലപാട് ജമാഅത്ത് തുറന്നു പ്രഖ്യാപിക്കുകയും ചെയ്തു. ദേശീയ രാഷ്ട്രീയ പാർട്ടികളോടും പ്രാദേശിക കക്ഷികളോടും ഫാഷിസത്തിനെതിരെ ഒന്നിച്ചു നിൽകാനും മതേതര വോട്ടുകൾ യാതൊരു കാരണവശാലും ഭിന്നിക്കാതിരിക്കാനും ജമാഅത്ത് ഉണർത്തുകയുണ്ടായി. ജമാഅത്ത് ഈ നിലപാടിൽ ഉറച്ചുനിന്ന് മുന്നോട്ടു പോകുന്ന ഘട്ടത്തിലാണ് മതേതര ശക്തികൾ മേധാവിത്വം നില

നിർത്തുന്ന കേരളത്തിൽ യു.ഡി.എഫ് ഒത്താശയോടെ വടകരയിലും ബേപ്പൂരിലും ഫാഷിസ്റ്റ് ശക്തികളുടെ സ്ഥാനാർഥികൾ പുറംവാതിലിലൂടെ കയറിവരുന്നത്. അതിനെ പ്രതിരോധിച്ച് പരാജയപ്പെടുത്താൻ ജമാഅത്തും അതിന്റെ മാധ്യമങ്ങളും നടത്തിയ ശക്തമായ കാമ്പയിൻ കേരള ജനതക്ക് മറക്കാനാവില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ജമാഅത്ത് നടത്തിയ സജീവ രാഷ്ട്രീയ ഇടപെടലുകൾ നിരവധി സ്ഥലങ്ങളിൽ എൻ.ഡി.എ സ്ഥാനാർഥികളെ പരാജയപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. അഴിമതിയും ക്രിമിനലിസവും അടക്കിവാഴുന്ന ഇന്ത്യൻ രാഷ്ട്രീയത്തിൽ മൂല്യബോധത്തിന്റെ ഒരു ചെറു പ്രകാശമെങ്കിലും പ്രസരിക്കണമെന്ന ആഗ്രഹത്താൽ സ്ഥാനാർഥികളുടെ ജീവിതമൂല്യം കൂടി പരിഗണിക്കണമെന്ന് ജമാഅത്ത് തീരുമാനിക്കുകയുണ്ടായി.

## ജമാഅത്തും ഇടതുപിന്തുണയും

പുതിയ സാർവദേശീയ സാഹചര്യങ്ങളുടെ വെളിച്ചത്തിലാണ് ജമാഅത്ത് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സി.പി.എം നേതൃത്വം നൽകുന്ന ഇടതുമുന്നണിക്ക് പിന്തുണകൊടുത്തത്. ജമാഅത്ത് ചതുർവർഷപോളിസിയുടെ വെളിച്ചത്തിൽ സാർവദേശീയ, ദേശീയ സാഹചര്യങ്ങളെ വിലയിരുത്തി ഇരുമുന്നണികളിൽ ആരെയാണ് പ്രസ്തുത നിലപാടുകളിൽനിന്നുകൊണ്ട് പിന്തുണക്കാൻ സാധിക്കുകയെന്ന കൃത്യമായ അന്വേഷണത്തിന്റെയും ആലോചനയുടെയും ഒടുവിലാണ് ഇടതുപക്ഷത്തെ പിന്തുണക്കാമെന്ന തീരുമാനം.

ജമാഅത്ത് പോളിസി പ്രോഗ്രാമിൽ നിലവിലുള്ള ലോകസാഹചര്യങ്ങളെ വിശദമായി വിലയിരുത്തുന്ന അന്തർദേശിയ പ്രശ്നങ്ങൾ എന്ന ഭാഗത്ത് ഇങ്ങനെ കാണാം.

“ചില വൻശക്തി രാഷ്ട്രങ്ങൾ അവരുടെ സ്വാധീന വലയത്തിലുള്ള സ്ഥാപനങ്ങൾ മുഖേന സാമ്പത്തിക സാമ്രാജ്യത്വം സൃഷ്ടിക്കാനും ദരിദ്ര രാഷ്ട്രങ്ങളെ ചൂഷണം ചെയ്യാനും നടത്തുന്ന ശ്രമങ്ങളെ ജമാഅത്ത് ശക്തമായി അപലപിക്കുകയും അതിന്റെ കെടുതികളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യും. അമേരിക്കൻ ഭരണകൂടവും അതിന്റെ സഖ്യകക്ഷികളും, സ്വതന്ത്രരാഷ്ട്രങ്ങളുടെ മേൽ കടന്നുകയറാനും തങ്ങളുടെ സൈനിക മേധാവിത്വം അടിച്ചേൽപിക്കാനും നടത്തുന്ന ശ്രമങ്ങളെ ജമാഅത്ത് എതിർക്കുകയും അന്താരാഷ്ട്രനിയമങ്ങൾ ആദരിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യും” ( പോളിസി പ്രോഗ്രാം 2003 ഏപ്രിൽ-2007 മാർച്ച് പേജ് 20)

സാമ്രാജ്യത്വ അധിനിവേശത്തെയും അതിന്റെ സാമ്പത്തികവും സാംസ്കാരികവുമായ കടന്നുകയറ്റത്തെയും പ്രതിരോധിക്കാൻ തീരുമാനിച്ച ഒരു ആദർശ പ്രസ്ഥാനത്തിന് അതിന്റെ ഭൂമികയിൽനിന്നുകൊണ്ടുമാത്രമേ തെരെഞ്ഞെടുപ്പ് രാഷ്ട്രീയത്തെയും കാണാൻ സാധിക്കുകയുള്ളൂ. സാമ്രാജ്യത്വ സാമ്പത്തിക സ്ഥാപനങ്ങൾ കേരളത്തിലേക്ക് കടന്നുകയറുകയും നമ്മുടെ വികസന പ്രവർത്തനങ്ങൾ സമ്പന്നവർഗ സൗകര്യങ്ങളിലധിഷ്ടിതമാവുകയും പാവപ്പെട്ടവൻ കഷ്ടപ്പാടിന്റെ ആഴങ്ങളിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുന്ന കേരളീയ സാഹചര്യത്തിലാണ് ഇതിനെ പ്രതിരോധിക്കാനുള്ള മാർഗമെന്ന നിലക്ക് തെരഞ്ഞെടുപ്പിനെ ജമാഅത്ത് ഉപയോഗപ്പെടുത്തിയത്.

ജമാഅത്ത് ഇടതുമുന്നണിക്ക് പിന്തുണ കൊടുക്കുന്ന സന്ദർഭത്തിലുള്ള യു.ഡി.എഫ് ഭരണം കൂടി ചർച്ചക്ക് വരുമ്പോഴാണ് ഒരു മാറ്റത്തെക്കുറിച്ച് കേരള ജനത ചിന്തിക്കാനിടയായ സന്ദർഭം ബോധ്യപ്പെടുകയുള്ളൂ. തത്ത്വത്തിലും പ്രയോഗത്തിലും മുതലാളിത്ത വികസന കാഴ്ചപ്പാടിന്റെ മുന്നണിപ്പടയായിരുന്നു യു.ഡി.എഫ് ഭരണം. യാതൊരു നിയന്ത്രണവുമില്ലാത്ത ആഗോളീകരണ, ഉദാരീകരണ നയങ്ങൾ കാരണം കേരളത്തിലെ കൃഷിയും വ്യവസായവും പാടെ തകർക്കപ്പെടുമെന്ന നിലയായി. മണ്ണും, വിണ്ണും വിഷലിപ്തമാക്കുന്ന തലതിരിഞ്ഞ വികസന നയമാണ് യു.ഡി.എഫ് സ്വീകരിച്ചത്. വികസനമെന്നത് എക്സ്പ്രസ് വേയും സ്മാർട്ട് സിറ്റിയും വിമാനത്താവളവും ടൂറിസവും മാത്രമായി ചുരുങ്ങി. അധഃസ്ഥിത പിന്നാക്ക ജനവിഭാഗങ്ങളുടെ അടിസ്ഥാന ജീവിത പ്രശ്നങ്ങളെ അവർ ഗൗനിച്ചില്ല. അമ്പതിനായിരം കോടി രൂപ വരും കേരളത്തിന്റെ പൊതുകടം. സാമ്രാജ്യത്വം അടിച്ചേൽപിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങളാണ് കാർഷിക കേരളത്തിന്റെ നട്ടെല്ലൊടിച്ചത്. കടക്കെണിമൂലം 1500 കർഷകർ ആത്മഹത്യചെയ്തു. സന്തുലിത വികസന കാഴ്ചപ്പാടിന് പകരം സമ്പന്ന വർഗതാൽപര്യ സംരക്ഷണത്തിലധിഷ്ഠിതമായ ഒരന്തരീക്ഷത്തിലേക്ക് കേരളം മാറ്റി മറിക്കപ്പെട്ടു. മുതലാളിത്ത സാമ്രാജ്യത്വ വികസനത്തിനെതിരെ ഒരു ശക്തി രംഗത്തുവരേണ്ടത് അനിവാര്യമായ ഘട്ടത്തിൽ മനുഷ്യരോടൊപ്പം നിൽക്കാൻ ജമാഅത്തിന് ധാർമിക ബാധ്യതയുണ്ട്. ഇടതുമുന്നണിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കേരള അമീർ നടത്തിയ പത്രസമ്മേളനത്തിലെ മുഖ്യ വിഷയം ഇതുതന്നെയായിരുന്നു.

“സമകാലിക സാഹചര്യത്തിൽ അമേരിക്കൻ നേതൃത്വത്തിലുള്ള മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ അധിനിവേശങ്ങളെ ചെറുത്തുതോൽപിക്കേണ്ടത് അനിവാര്യമാണ്. അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിനെതിരെയും ഇറാൻ ആണവ പ്രശ്നത്തിലും ലാറ്റിനമേരിക്കയിലും മറ്റും നടക്കുന്ന അധിനിവേശവിരുദ്ധസമരങ്ങളിലും സാമൂഹികനീതിയുടെ പക്ഷത്തുനിന്ന് ഉറച്ച നിലപാട് സ്വീകരിച്ച ഇടതുപക്ഷസംഘടനകൾ അതിന്റെ സാമൂഹിക പ്രതിബദ്ധത തെളിയിച്ചിട്ടുണ്ട്. ആഗോളവത്കരണത്തിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പുതിയ ലോകത്ത് അതിന്റെ ദുഃസ്വാധീനങ്ങൾക്കെതിരായ നിലപാടാണ് ജമാഅത്തെ ഇസ്ലാമിയും അതിന്റെ പോഷക സംഘടനകളും സ്വീകരിക്കുന്നത്. മനുഷ്യന്റെ മൗലികവും പ്രാഥമികവുമായ ആവശ്യങ്ങളാണ് വിദ്യാഭ്യാസവും ആരോഗ്യവും. മുകളിൽ പറഞ്ഞസാഹചര്യത്തിൽ നിലവിലെ സംസ്ഥാന ഭരണകൂടവും അതിനു നേതൃത്വം കൊടുക്കുന്ന മുന്നണിയും ഈ രണ്ട് മേഖലകളെയും കച്ചവടവത്കരിക്കുകയും സാധാരണക്കാരന് അപ്രാപ്യമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവത്കരണത്തിന്റെയും കച്ചവടതാൽപര്യത്തിന്റെയും ഫലമായി മനുഷ്യവിരുദ്ധവും പ്രകൃതി വിരുദ്ധവുമായ വികസനരീതികൾ നടപ്പിലാക്കപ്പെടുന്നു. ഇത്തരം നീക്കങ്ങൾക്കെതിരെയുള്ള പോരാട്ടത്തിലാണ് ഇസ്ലാമിക പ്രസ്ഥാനവും അതിന്റെ പോഷകസംഘടനകളും അതിന്റെ മീഡിയയും. ഈ സമരങ്ങളോടും കാഴ്ചപ്പാടുകളോടും തത്ത്വാധിഷ്ഠിതമായ അനുഭാവം പുലർത്താൻ സാധിക്കുക താരതമ്യേന ഇടതുപക്ഷത്തിനായിരിക്കുമെന്ന് ജമാഅത്തെ ഇസ്ലാമി വിശ്വസിക്കുന്നു. പൂർണമായി യോജിക്കുന്നുവെന്ന് ഇതിന് അർഥമില്ല. (*മാധ്യമം*, ഏപ്രിൽ 4, 2007)

സ്വന്തം നിലപാടുകളുടെ അടിസ്ഥാനത്തിലാണ് ജമാഅത്ത് അതിന്റെ തെരഞ്ഞെടുപ്പ് തീരുമാനം പ്രഖ്യാപിച്ചതെന്ന് മുകളിൽ കൊടുത്ത പ്രസ്താവന വ്യക്തമാക്കുന്നു. ജമാഅത്ത് തീരുമാനം ഇടതുപക്ഷത്തിനുള്ള പതിച്ചുനൽകലല്ലെന്നും സ്വന്തം നിലപാടുകളുടെ അടിസ്ഥാനത്തിലുള്ളതാണെന്നും വ്യക്തം. ഫലപ്രഖ്യാപനത്തിനു ശേഷം സി.പി.എം

നേതാക്കളുടെ പ്രതികരണത്തിൽ ഇത് വ്യക്തവുമാണ്. പാർട്ടി സെക്രട്ടറി പിണറായിയുടെ പ്രതികരണം നോക്കുക.

"ജമാഅത്ത് അതിന്റെ സ്വന്തം നിലപാടിന്റെ ഭാഗമായാണ് ഇടതുപക്ഷത്തെ പിന്തുണച്ചത്. ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള സംഘടനകൾക്ക് വ്യക്തമായ ചില അജണ്ടകളുണ്ട്. വലിയതോതിലുള്ള കമ്യൂണിസ്റ്റ് വിരുദ്ധതയും അവർ എല്ലാ കാലത്തും പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്തവണ ഇടതു മുന്നണിയെ പിന്താങ്ങിയിട്ടുണ്ട് എന്നതുകൊണ്ടുമാത്രം ഇവയൊന്നും ഇല്ലാതാകുന്നില്ല . അവരുടെ അജണ്ടക്ക് വലിയമാറ്റം വന്നു എന്നുപറയാൻ കഴിയില്ല. അവരുടെ കാഴ്ചപ്പാട് സാധാരണഗതിയിൽ സി.പി.എമ്മിന്റെ കാഴ്ചപ്പാടുമായി പൊരുത്തപ്പെട്ടുപോകുന്നതല്ല (എതിർദിശ മാസിക, 2006 ജൂലൈ).

സി.പി.എം നേതൃത്വം നൽകുന്ന ഇടതുമുന്നണിയുടെ മുഴുവൻ നിലപാടുകൾക്കുമുള്ള അംഗീകാരവുമല്ല ജമാഅത്ത് പിന്തുണ. അന്നത്തെ പ്രതിപക്ഷ നേതാവ് വി.എസ്സിന്റെ നേതൃത്വത്തിൽ നടന്ന സാമ്രാജ്യത്വ വികസന അജണ്ടകൾക്കെതിരെയുള്ള സമരങ്ങളും, സി.പി.ഐ, ആർ.എസ്.പി, അടക്കമുള്ള ഇടതുപക്ഷകക്ഷികൾ ജനപക്ഷത്തുനിന്നുകൊണ്ട് ഉയർത്തിയ വിവിധ പ്രശ്നങ്ങളോടുള്ള നിലപാടുകളും കാരണം ജമാഅത്തെ ഇസ്‌ലാമി മാത്രമല്ല കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങളും പ്രതീക്ഷാപൂർവം ഒരു ഭരണമാറ്റം ആഗ്രഹിച്ചു. അതാണ് ഇടതുപക്ഷത്തിന് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഭൂരിപക്ഷത്തോടെ ഭരണത്തിലേറാൻ സാധിച്ചത്.

## വഴിതെറ്റിയതാർക്ക്?

ജനാഭിലാഷത്തെ അട്ടിമറിക്കുന്ന നിലയിലേക്ക് വളരെ പെട്ടെന്ന് തന്നെ ഇടതുപക്ഷം പിന്നീട് വഴിമാറുകയാണുണ്ടായത്. പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും ജീവിതപുരോഗതി മുഖ്യ ലക്ഷ്യമാക്കുന്ന മാനിഫെസ്റ്റോ മുമ്പിൽ വെച്ച് തെരഞ്ഞെടുപ്പിനെ നേരിട്ട ഇടതുപക്ഷം പ്രഖ്യാപിത നിലപാടിൽനിന്ന് പിറകോട്ട് പോയി. പാവപ്പെട്ടവന്റെ കൂടി ജീവിതത്തെ ഉൾക്കൊള്ളുന്ന ഒരു സന്തുലിത വികസന മുന്നേറ്റത്തിന് തുടക്കംകുറിക്കാൻ പോലും അതിനു സാധിച്ചില്ല.

എന്നാൽ ഇടതുപക്ഷ പ്രകടനപത്രികയിൽ ഭാഗം 4-ൽ അഞ്ചുവർഷത്തേക്കുള്ള കർമപരിപാടി നോക്കുക: "എല്ലാവർക്കും അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നത് കേരളത്തെ സംബന്ധിച്ചേടത്തോളം ഇന്ന് തികച്ചും പ്രായോഗികമായ ഒരു പരിപാടിയാണ്. അശരണർക്ക് പൂർണ സംരക്ഷണവും ദരിദ്രർക്ക് അടിസ്ഥാന സൗകര്യങ്ങളോടൊപ്പം തൊഴിലും വരുമാനവും നൽകുകയെന്നത് ലക്ഷ്യമിടാനാകും. നിലവിലുള്ള വിവിധ ക്ഷേമ സുരക്ഷിതത്വനടപടികളെ ഏകോപിപ്പിച്ചുകൊണ്ട് സമ്പൂർണ സാമൂഹിക സുരക്ഷാപദ്ധതിക്ക് രൂപം നൽകാനാകും. ആദിവാസികൾ, മത്സ്യതൊഴിലാളികൾ, ദലിതർ തുടങ്ങിയ വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് സവിശേഷ ശ്രദ്ധനൽകും" ( മാനിഫെസ്റ്റോ പേജ് 14).

മുകളിൽ വിശദീകരിച്ച സാമൂഹിക കാഴ്ചപ്പാടിലേക്ക് ഭരണമുഖം തിരിയുന്നതിന്റെ ലക്ഷണങ്ങൾ ഇടതുഭരണം രണ്ട് വർഷം പൂർത്തിയായിട്ടും കാണാനില്ല. പാർട്ടിയിലെ വിഭാഗീയതയും അടിസ്ഥാനങ്ങളിൽ സംഭവിച്ച ജീർണതകളും ഇടതുഭരണത്തിന്റെ മുഖം വികൃതമാക്കി. കോൺഗ്രസ് ഗ്രൂപ്പ് കളിയേക്കാൾ മനം മടുപ്പിക്കുന്നതായി പാർട്ടി വിഭാഗീയത. ഇതുകാരണം ഭരണമേഖല സ്തംഭിച്ചു. വിഭാഗീയതയുടെ തീക്ഷ്ണത കാരണം മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം തകർന്നു. ഓരോ വകുപ്പും അവരുടെ മേഖലയിൽ സ്വയംഭരണം പ്രഖ്യാപിച്ചു. മന്ത്രിമാരിലധികവും പുതുമുഖങ്ങളായതിനാൽ ഉദ്യോഗസ്ഥമേലാളന്മാരായി യഥാർഥ ഭരണാധികാരികൾ. വ്യവസായം, വനം, റവന്യൂ വകുപ്പുകളടക്കം ഇതിനുദാഹരങ്ങളാണ്.

ഇതോടൊപ്പം സി.പി.എമ്മിൽ പാർട്ടിലൈനിലും വലിയ മാറ്റങ്ങൾ ദൃശ്യമായി. താത്ത്വികതലത്തിൽ മുതലാളിത്ത സാമ്രാജ്യത്വവിരുദ്ധതക്കും പ്രയോഗതലത്തിൽ അതിന്റെ ഗുണഭോക്താക്കളാവുക എന്നതുമായി നയം. ബംഗാൾ, ചൈനാ മോഡൽ വികസനത്തിലേക്ക് പാർട്ടിയുടെ മുഖ്യധാരാകേന്ദ്രങ്ങൾ ചരിയാൻ തുടങ്ങി. പ്രതിപക്ഷത്തിരിക്കുമ്പോൾ ലോകബാങ്കിന്റെ എ.ഡി.ബിക്കെതിരെ രക്തം ചിന്തിയവർ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കായി 1000 കോടി രൂപകൂടി കടംവാങ്ങാൻ തീരുമാനിച്ചത് പാർട്ടിയുടെ ആശയപ്പാപ്പരത്തം തുറന്നുകാട്ടി. സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി.യിൽ നിന്നെടുത്ത വായ്പാ വിവാദം കെട്ടടങ്ങുന്നതിന് മുമ്പാണ് ഈ തീരുമാനം ഇടതുമുന്നണി ഏകോപന സമിതിയെടുക്കുന്നത്. അഴിമതിക്കും ഭൂമാഫിയക്കുമെതിരെ രംഗത്തുവന്നവർതന്നെ സ്വന്തം പത്രത്തിനും കായികമേളകൾക്കും അവിഹിത സംഭാവനകളും വായ്പകളും വാങ്ങി പുതിയ ന്യായീകരങ്ങളുമായി രംഗത്തു വന്നു. സംശുദ്ധരെന്ന് അഭിമാനിച്ച സി.പി.ഐ.അഴിമതിയിൽ മുഖം കുത്തി വീണുകിടക്കുന്നു. വിദ്യാഭ്യാസ കച്ചവടത്തെ പ്രതിരോധിക്കാൻ ആർജവത്തോടെ രംഗത്തുവന്നവർ തന്നെ ന്യൂനപക്ഷ വിദ്യാഭ്യാസത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തുന്നു. ഭൂരഹിതരായ ആദിവാസികൾക്കും ദലിത് വിഭാഗങ്ങൾക്കും ഭൂമി നൽകുമെന്നും വാഗ്ദാനം നൽകി അധികാരത്തിൽ വന്ന സർക്കാർ കിടപ്പാടത്തിന് വേണ്ടി സമരം നടത്തുന്ന ചിന്നക്കനാലിലെ ആദിവാസികളെ പാർട്ടി സഖാക്കൾ കൈകാര്യം ചെയ്യുന്നതും നാം കാണേണ്ടിവന്നു. ഭൂമാഫിയകളെ പിടിച്ചുകെട്ടാൻ മൂന്നാറിൽ ഉരുണ്ടു കയറിയ ജെ.സി.ബി ലക്ഷ്യം നേടാതെ തിരിച്ചുവന്നത് വലിയ രാഷ്ട്രീയ നിഗൂഢതയായി അവശേഷിക്കുന്നു. ഇതിലൊന്നും ആത്മവിചാരണ നടത്താനോ അവശേഷിക്കുന്ന വർഷങ്ങൾ ദിശാബോധത്തോടെ ഉപയോഗപ്പെടുത്താനോ മുന്നണിക്ക് സാധിക്കുന്ന ലക്ഷണമൊന്നും ഇപ്പോൾ പ്രകടമല്ല. ഇതിലെല്ലാം അമർഷവും ദുഃഖവുമുള്ള മുന്നണിയിലെ ചെറുപാർട്ടികളും ഒറ്റപ്പെട്ട നേതാക്കളും എല്ലാം ഉള്ളിലൊതുക്കി മുന്നോട്ടു പോകുകയാണ്.

## ഭരണവും ജമാഅത്ത് നിലപാടും

ഇടതുപക്ഷ ഭരണത്തെ നിരന്തരം വിലയിരുത്താനും അതിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ അംഗീകരിക്കാനും ജനവിരുദ്ധനയങ്ങളെ ശക്തമായി എതിർക്കാനും ജമാഅത്തും അതിന്റെ പോഷക സംഘടനകളും മാധ്യമങ്ങളും ഒട്ടും മടിച്ചിട്ടില്ല. വി.എസ് മന്ത്രിസഭ അധികാരമേറ്റ് ആറുമാസത്തിനകം നടന്ന തിരുവമ്പാടി തെരെഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഹൽഖാ അമീർ നടത്തിയ പ്രസ്താവന ഇതിനുത്തമ ഉദാഹരണമാണ്.

''മിക്കവാറും മേഖലകളിൽ സർക്കാറിന്റെ ഗതിവേഗം തൃപ്തികരമല്ല. വിദ്യാഭ്യാസരംഗത്ത് വിപ്ലവകരവും പുരോഗമനപരവുമായ ചുവടു വെക്കാൻ സർക്കാർ ധൈര്യം കാണിച്ചുവെങ്കിലും ചില നടപടികൾ ന്യൂനപക്ഷങ്ങളിൽ ആശങ്കവളർത്തിയെന്ന് പറയാതെവയ്യ. സർക്കാറിന്റെ പ്രതിഛായ കളങ്കപ്പെടുത്തുന്ന നീക്കങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു സമുദായത്തെ ഒന്നടങ്കം അധിക്ഷേപിക്കുന്ന തരത്തിലുള്ള പോലീസിന്റെ നടപടികൾ നീതീകരിക്കാൻ കഴിയാത്തതാണ്. ഭീകരവേട്ടയുടെ മറവിൽ സാമ്രാജ്യത്വവിരുദ്ധ സമ

രങ്ങളെയും പ്രസ്ഥാനങ്ങളെയും തകർക്കാനും ഉന്മൂലനം ചെയ്യാനുമാണ് ആഗോള മുതലാളിത്ത ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വ വിരുദ്ധവികാരങ്ങളുടെ പിൻബലത്തിൽ അധികാരത്തിൽ വന്ന ഇടതുമുന്നണി സർക്കാറിന് ലോക മുതലാളിത്ത ശക്തിയുടെ ഉപകരണമാവാതിരിക്കാനുള്ള ഇഛാശക്തി ഉണ്ടാവണമെന്ന് ആരിഫലി ആവശ്യപ്പെട്ടു" (*മാധ്യമം* ദിനപത്രം 2006 നവംബർ 27).

ഇടതു സർക്കാറിനോട് സ്വന്തം നിലപാടിൽനിന്നുകൊണ്ട് അഭിപ്രായം പ്രകടിപ്പിക്കാനും പ്രതികരിക്കേണ്ട സമയത്ത് പ്രതികരിക്കാനും ജമാഅത്ത് മുന്നോട്ട് വന്നിട്ടുണ്ട്. സർക്കാറിന്റെ ജനവിരുദ്ധ നിയങ്ങൾക്കെതിരെ സംസ്ഥാനത്തെ ഏത് പ്രതിപക്ഷ പാർട്ടിയേക്കാളും ജമാഅത്തെ ഇസ്‌ലാമിയുടെ യുവജന-വിദ്യാർഥി സംഘടനകളാണ് പ്രതിഷേധിച്ചതും പ്രതികരിച്ചതും. സർക്കാറിന്റെ ജനവിരുദ്ധ വികസന നയങ്ങൾക്കെതിരെയും, എ.ഡി.ബിയടക്കമുള്ള മുതലാളിത്ത സ്ഥാപനങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതിനെതിരെയും സോളിഡാരിറ്റി സമരപരിപാടികളുമായി രംഗത്തുണ്ട്. മലബാറിന്റെ വിദ്യാഭ്യാസ പ്രശ്നങ്ങളടക്കം ഈ വർഷം എസ്.ഐ.ഒ നടത്തിയ ധീരമായ സമരങ്ങൾ സർക്കാറും പാർട്ടിയും ഒന്നിച്ചെതിർത്തിട്ടും ഇപ്പോഴും ശക്തമായി തുടരുകയാണ്.

നെഗറ്റീവ് വോട്ടിലൂടെ മാത്രം ഭരണം കൈയടക്കുന്ന മുന്നണികൾ ദീർഘകാലാടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ കാണാനോ, മുന്നോട്ടുകൊണ്ടുപോകാനോ ശ്രമിക്കുന്നില്ല. ഇരു മുന്നണി ഭരണങ്ങളിലും അസംതൃപ്തരായവരുടെ സംഖ്യകൂടിവരികയാണ്. പ്രതിപക്ഷമാകട്ടെ നെഗറ്റീവ് വോട്ടിലൂടെ അടുത്ത ഭരണം പ്രതീക്ഷിക്കുകയല്ലാതെ വിഷയങ്ങളെ ഗൗരവത്തോടെ കാണാനോ ശക്തമായി പ്രതികരിക്കാനോ സാധിക്കാത്തവിധം പതിവ് പ്രതിഷേധങ്ങളിൽ പരിമിതമാണ്. പാർട്ടികളും മുന്നണികളും ജനപക്ഷത്തേക്ക് തിരിച്ചുവരുന്നില്ലെങ്കിൽ മറ്റൊരു ജനപക്ഷരാഷ്ട്രീയം പിറവിയെടുക്കുന്നതുവരെ എല്ലാം സഹിക്കുകയല്ലാതെ മാർഗമില്ല. ■